Draft #2 of File 74494/AC A16-1/2024/ACA 16 Approved by ASSISTANT REGISTRAR III (ACADEMIC) on 14-Oct-2024 10:41 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം - ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾ - ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ Centre for Skill Development Courses and Career Planning (CSDCCP) എന്ന പേരിൽ സ്വയംപര്യാപ്ത രീതിയിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് - സർവ്വകലാശാലയിൽ നടപ്പിൽ വരുത്തുന്നത് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ACA 16

നമ്പർ. 9166/ACA 16/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.10.2024

---

*പരാമർശം:*-1. 24.06.2024 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 724/2024/ HEDN.

2 . 26.09.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 21/ 24.06/74494/ AC A16-1/2024.

**ഉത്തരവ്**

സംസ്ഥാനത്ത് നാലു വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുറത്തിറക്കിയ കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്കിൽ 2024-2025 അദ്ധ്യയന വർഷം മുതൽ ആരംഭിച്ചിട്ടുള്ള നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ സ്കിൽ എഡ്യൂക്കേഷനും വൊക്കേഷണൽ എഡ്യൂക്കേഷനും ബിരുദ കരിക്കുലത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് പ്രകാരം എല്ലാ വിദ്യാർത്ഥികളും ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായി സ്കിൽ കോഴ്സുകൾ നിർബന്ധമായും പൂർത്തിയാക്കേണ്ടതുണ്ട്.ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രൊഫഷണൽ നൈപുണ്യ പരിശീലന ഏജൻസികളുമായി സഹകരിച്ച് നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിങ്ങും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്ന പേരിൽ സ്വയംപര്യാപ്ത രീതിയിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

ആയത് സർവ്വകലാശാലയിൽ നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് വൈസ് ചാൻസലർ ഉത്തരവ് നൽകുകയും 26.09.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം, പരാമർശം (2) പ്രകാരം ചുവടെയുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്തിരിക്കുന്നു.

"ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ നൈപുണ്യ പരിശീലന ഏജൻസികളുമായി സഹകരിച്ച് നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിങ്ങും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്ന പേരിൽ സ്വയംപര്യാപ്ത

രീതിയിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് (സാധാ) നം.724/ 2024/ HEDN തീയതി 24.06.2024 സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷാജി കെ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 . എല്ലാ അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജുകൾക്കും
2 . വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3 . രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
4 . ജെ ആർ 2 (ഭരണ വിഭാഗം)/ ഡി ആർ 2/ എ ആർ 3 (അക്കാദമിക വിഭാഗം)
5 . എ സി എ 5/ എ സി ബി 7/ എ സി സി 1/ എ സി സി 2 സെക്ഷനുകൾ
6. പി ആർ ഒ/ ഐ ക്യൂ എ സി / റെക്കോർഡ്സ് സെക്ഷനുകൾ
7 . ACTION TAKEN REPORT
8 . സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഫയൽ നം. 74494/AC A16-1/2024/ACA 16

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 74494/AC A16-1/2024/ACA 16 Approved by ASSISTANT REGISTRAR III (ACADEMIC) on 14-Oct-2024 10:41 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം